പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം-

2019 ജൂൺ 14,വെള്ളി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2301

സർക്കാർ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പ

| ചോദ്യം<br>പ്രൊഫ.കെ.യു.അരുണൻ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|
| സർക്കാർ ജീവനക്കാർക്ക് ഭവന നിർമ്മാണ വായ്പ നൽകുമ്പോൾ ആധാരം ഉൾപ്പെടെയുള്ള രേഖകൾ ഡിപ്പാർട്ട്മെന്റിൽ സൂക്ഷിക്കുന്നതിനാൽ വായ്പ ടേക്ക് ഓവർ ചെയ്യാനോ, സെക്കന്റ് മോർട്ട്ഗേജ് ചെയ്യാനോ ബാങ്കുകൾ അനുവദിക്കാത്ത സാഹചര്യം മറികടക്കാൻ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ? | 12/11/2009-ലെ ജി.ഒ(പി) നം.505/2009/ഫിൻ പ്രകാരമുള്ള ഭവന നിർമ്മാണ വായ്പയിൽ ജീവനക്കാർക്ക് അധികവായ്പ ആവശ്യമാകുന്ന സാഹചര്യത്തിൽ ബാങ്കുകൾ ടി വായ്പ ടേക്ക് ഓവർ ചെയ്ത് കൊണ്ട് ജീവനക്കാർക്ക് അധികവായ്പ നൽകുവാൻ കഴിയുകയില്ല. എന്നാൽ 11/02/2008-ലെ ജി.ഒ(പി) നം.76/2008/ഫിൻ ഉത്തരവ് പ്രകാരം- ജീവനക്കാരനും വായ്പ നൽകുന്ന സ്ഥാപനവും വകുപ്പ് തലവനും ഒപ്പ് വെക്കുന്ന ത്രികക്ഷി ഉടമ്പടി പ്രകാരം അംഗീകൃത ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാർക്ക് സെക്കണ്ട് മോർട്ട്ഗേജ് ആയി അധിക വായ്പ എടുക്കാവുന്നതാണ്. ആയതിനാൽ നിലവിൽ ജീവനക്കാർക്ക് സെക്കണ്ട് മോർട്ട്ഗേജ് വായ്പ ലഭിക്കാത്ത സാഹചര്യമില്ല. |

സെക്ഷൻ ഓഫീസർ